ഡി.ഡി.ഒ. കോഡ്- അടിയന്തിരം

WCDA1-5579/19

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം,
തീയതി. 19/03/2020
ഫോൺ നം. 0471 2346508
Email: wcdfunds@gmail.com

ഡയറക്ടർ,
വനിത ശിശു വികസന വകുപ്പ്,
തിരുവനന്തപുരം

ജില്ലാ വനിത ശിശു വികസന ഓഫീസർമാർ,
(പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകൾ ഒഴികെ)

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് -ഡയറക്ടറേറ്റ് -ജില്ലാ വനിത ശിശു വികസന ഓഫീസുകൾക്ക് ട്രഷറി ഓതറൈസേഷൻ - ഡി.ഡി.ഒ. കോഡ് ലഭ്യമാക്കുന്നത് വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്

സൂചന : (1) സ.ഉ.(സാ.ധ)നം.8475/2019/ധന. തീ. 26.10.19
(2) 07.11.2019 ലെ WCDA1-5579/19 നമ്പർ കത്ത്.
(3) 29/10/2019 & 30/01/2020 എന്നീ തീയതികളിലെ ഈ കാര്യാലയത്തിലെ മേൽ നമ്പർ കത്തുകൾ.

ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ഡ്രോയിംഗ് ആൻറ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായതിൻപ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസുകൾക്ക് ട്രഷറി ഇടപാടുകൾ നടത്തുന്നതിന് അക്കൌണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ട്രഷറി ഓതറൈസേഷൻ ലഭ്യമാക്കുന്നതിലേയ്ക്കായി അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരത്തിന് ഈ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയതിൻറെ അടിസ്ഥാനത്തിൽ 14 ജില്ലാ വനിതാ ശിശുവികസന ആഫീസർമാർക്കും അക്കൗണ്ടന്റ് ജനറലിൽ നിന്നും ട്രഷറി ഓതറൈസേഷൻ ഇതിനോടകം ലഭ്യമായിട്ടുണ്ട്. ഇതിൻപ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ട്രഷറിയിൽനിന്നും

ഡി.ഡി.ഒ. കോഡ് ലഭ്യമാക്കണമെന്നും ഈ കാര്യാലയത്തിൽനിന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം ഒഴികെയുള്ള ജില്ലാ വനിതാ ശിശുവികസന ആഫീസർമാർ ബന്ധപ്പെട്ട ട്രഷറികളിൽനിന്നും ഡി.ഡി.ഒ. കോഡ് ലഭ്യമാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷം മുതൽ വനിത ശിശുവികസന വകുപ്പിന്റെ ജില്ലാതല Sub Controlling Office-ആയി പ്രവർത്തിക്കേണ്ടത് ജില്ലാ വനിത ശിശു വികസന ഓഫീസുകളാണ്. എന്നതിനാൽ ഇനിയും ഡി.ഡി.ഒ. കോഡ് ലഭ്യമാക്കാത്ത ജില്ലാ ഓഫീസർമാർ ബന്ധപ്പെട്ട ട്രഷറികളിൽ നിന്നും അടിയന്തിരമായി ഡി.ഡി.ഒ. കോഡ് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. വകുപ്പിന്റെ പ്രവർത്തനംത്തിന് തടസ്സം വരാതെ വിവിധ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വേഗത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ട്രഷറി ഇടപാടുകൾ അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട് എന്നുള്ള വിവരം കൂടി ഓർമ്മിപ്പിക്കുന്നു.

മേൽസാഹചര്യത്തിൽ ഡി.ഡി.ഒ. കോഡ് ലഭ്യമാക്കുന്ന വിഷയത്തിൻമേൽ താങ്കൾ സ്വീകരിച്ച നടപടിയും ഏതെങ്കിലും വിധത്തിലുള്ള തടസ്സം നേരിട്ടുന്നെങ്കിൽ അതു സംബന്ധിച്ച വിവരവും 20.03.2020 - ന് 5.00 ന് മണിക്ക് മുൻപായി accounts section-നിലെ wcdfunds@gmail.com എന്ന e-mail വിലാസത്തിൽ ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1) എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസുകൾക്കും
(പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകൾ ഒഴികെ)
2) സ്റ്റോക്ക് ഫയൽ
3) ഐ.റ്റി സെൽ(വെബ് -സൈറ്റിൽ ഇടുന്നതിനായി)